## 27.01.2017 ൽ ചേർന്ന ഭരണപരിഷ്കാര കമ്മീഷന്റെ മൂന്നാമത് യോഗത്തിന്റെ നടപടിക്കുറിപ്പ്

യോഗം വൈകുന്നേരം 3 മണിക്ക് ആരംഭിച്ചു. കമ്മീഷൻ അംഗങ്ങളായ ശ്രീ. സി.പി.നായർ, ശ്രീമതി നീലാ ഗംഗാധരൻ മെമ്പർ സെക്രട്ടറി ശ്രീമതി ഷീലാ തോമസ് എന്നിവർ യോഗത്തിൽ പങ്കെടുത്തു.

കമ്മീഷന്റെ നാളിതുവരെയുള്ള പ്രവർത്തനങ്ങളെ കുറിച്ച് യോഗം വിലയിരുത്തുകയുണ്ടായി. ആദ്യഘട്ടത്തിൽ കമ്മീഷൻ ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുള്ള മേഖലകളിൽ മുൻകാല കമ്മീഷൻ റിപ്പോർട്ടുകളിലെ ശുപാർശകളേയും നിർദ്ദേശങ്ങളേയും കുറിച്ച് ഒരു വിലയിരുത്തൽ രേഖ തയ്യാറാക്കേണ്ടതുണ്ടെന്ന് ചെയർമാൻ ആമുഖമായി പറഞ്ഞു. കമ്മീഷൻ പ്രാധാന്യം കൊടുക്കേണ്ട മുൻഗണനാ മേഖലകൾ കഴിഞ്ഞ യോഗത്തിൽ തീരുമാനിച്ചിരുന്നെന്നും എന്നാൽ ഇക്കാര്യത്തിൽ കാര്യങ്ങൾ മുന്നോട്ട് നീങ്ങിയിട്ടില്ലെന്നും അതിനാൽ കമ്മീഷൻ പ്രവർത്തനം ആരംഭിച്ച് ആദ്യവർഷം പിന്നിടുമ്പോൾ റിപ്പോർട്ടിന്റെ ഒന്നാം ഭാഗം സർക്കാരിന് സമർപ്പിക്കുന്ന രീതിയിൽ സമയബന്ധിതമായി പൂർത്തിയാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ കമ്മീഷൻ അംഗങ്ങളും ബന്ധപ്പെട്ട ജീവനക്കാരും തമ്മിൽ ആശയവിനിമയം നടത്തി പൂർത്തിയാക്കേണ്ടതുണ്ടെന്നും ചെയർമാൻ ആവശ്യപ്പെട്ടു. ഓരോരുത്തർക്കും ചെയ്യാനുള്ള പ്രവൃത്തികളും അതിന്റെ പുരോഗതിയും വിലയിരുത്താനും സമയബന്ധിതമായി കാര്യങ്ങൾ മുന്നോട്ട് പോകുന്ന എന്നുറപ്പാക്കാനും ലഭ്യമായ ഏതെങ്കിലും ലളിതമായ പ്രോജക്ട് മാനേജ്മെന്റ് സോഫ്റ്റ് വെയർ ഉപയോഗിക്കുന്നതിനെക്കുറിച്ചും ആലോചിക്കാവുന്നതാണെന്നും കമ്മീഷന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച തീരുമാനങ്ങൾക്ക് ഔപചാരികതയുടെ ആവശ്യമില്ലെന്നും തുടർപ്രവർത്തനങ്ങൾക്ക് അനൗപചാരിക ആശയവിനിമയം ആവശ്യമുള്ളതിനാൽ ദൈനംദിനം ഇ-മെയിൽ വഴിയോ വെബ് പോർട്ടൽ മുഖേനയോ ആശയവിനിമയം നടത്താവുന്നതാണെന്നും ചെയർമാൻ അഭിപ്രായപ്പെട്ടു. കമ്മീഷന്റെ ഓഫീസ് ഇപ്പോഴും പൂർണ്ണമായ തോതിൽ സജ്ജമായിട്ടില്ലെന്നും സെക്രട്ടേറിയറ്റ്, ഐ.എം.ജി എന്നിങ്ങനെ രണ്ടിടത്തായാണ് കമ്മീഷന്റെ ഓഫീസ് പ്രവർത്തിക്കുന്നത് എന്നതിനാൽ രണ്ട് വാഹനങ്ങളുടെ ആവശ്യമുണ്ടെന്നും ഇത് ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ ആരംഭിക്കണമെന്നും ആദ്യഘട്ടത്തിൽ കമ്മീഷൻ ഏറ്റെടുക്കാൻ തീരുമാനിച്ച മേഖലകളിൽ പൊതുവിദ്യാഭ്യാസം ഉൾപ്പെടുന്നതുകൊണ്ടും സ്വാശ്രയ വിദ്യാഭ്യാസ മേഖലയിലെ അസംതൃപ്തി വ്യാപകമായി ചർച്ച ചെയ്യപ്പെട്ട് തുടങ്ങിയിരിക്കുന്നതിനാലും സ്വാശ്രയ വിദ്യാഭ്യാസ മേഖലയിലെ ചൂഷണവും അടിച്ചമർത്തലും അവസാനിപ്പിക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ കമ്മീഷൻ രൂപപ്പെടുത്തേണ്ടതുണ്ടെന്നും ചെയർമാൻ അഭിപ്രായപ്പെട്ടു.

തുടർന്ന് കമ്മീഷന് വേണ്ടി സി-ഡിറ്റ് തയ്യാറാക്കി വരുന്ന വെബ്സൈറ്റിന്റെ ഡെമോൺസ്ട്രേഷൻ ഡി-ഡിറ്റിലെ ഉദ്യോഗസ്ഥർ നടത്തുകയുണ്ടായി. ഇത് നിരീക്ഷിച്ച കമ്മീഷൻ ഇതിൽ വരുത്തേണ്ട മാറ്റങ്ങൾ നിർദ്ദേശിക്കുകയുണ്ടായി.

വിശദമായ ചർച്ചകൾക്ക ശേഷം കമ്മീഷൻ താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു :

I. സി-ഡിറ്റ് പ്രദർശിപ്പിച്ച വെബ്സൈറ്റിന്റെ രൂപരേഖ കമ്മീഷന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾക്ക് അനുരൂപമല്ലായെന്ന് കമ്മീഷൻ നിരീക്ഷിച്ചു. വെബ്സൈറ്റിന് രൂപം നൽകുന്ന പ്രക്രിയ പൂർത്തീകരിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ കമ്മീഷനുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചു വരുന്ന ഐ.ടി വിദഗ്ധരുടെ സേവനം ഉപയോഗപ്പെടുത്തുവാൻ തീരുമാനിച്ചു.

II. കമ്മീഷന്റെ പ്രവർത്തനം ആരംഭിച്ചുവെങ്കിലും ആസ്ഥാന മന്ദിരം സജ്ജമായിട്ടില്ല. കമ്മീഷന് ഐ.എം.ജി യിൽ അനുവദിച്ച ഓഫീസ് സജ്ജമാക്കുന്നതിന് കാലതാമസം ഉണ്ടാകുമെന്ന് കമ്മീഷൻ നിരീക്ഷിച്ചു. കമ്മീഷന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് കമ്മീഷനു വേണ്ടിയുള്ള സൗകര്യങ്ങൾ പൂർണ്ണ സജ്ജമാകുന്നതുവരെ കാത്തിരിക്കാതെ രണ്ട് മുറികൾ ( ഒരു ഓഫീസ് മുറിയും ഒരു മീറ്റിംഗ് മുറിയും) സജ്ജമാക്കി ഒരു മാസത്തിനകം കമ്മീഷന് നൽകണമെന്ന് ഐ.എം.ജി യോട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

III. കമ്മീഷന്റെ സുഗമമായ പ്രവർത്തനത്തിന് രണ്ട് വാഹനങ്ങൾ ആവശ്യമാണെന്ന് വിലയിരുത്തപ്പെട്ടു. ഒരു വാഹനം കരാർ അടിസ്ഥാനത്തിൽ ഏർപ്പാടാക്കാനുള്ള നടപടികൾ ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്. രണ്ടാമതൊരു വാഹനം കൂടി കരാർ അടിസ്ഥാനത്തിൽ ഏർപ്പാടാക്കാൻ നടപടികൾ സ്വീകരിക്കാനും തീരുമാനമെടുത്തു.

IV. വിജിലൻസ് സംവിധാനത്തിൽ നിലനിൽക്കുന്ന പ്രശ്നങ്ങളെക്കുറിച്ചും കുറ്റമറ്റതും കാര്യക്ഷമവുമായ വിജിലൻസ് സംവിധാനം രൂപപ്പെടുത്തിയെടുക്കുന്നതിനെ കുറിച്ചുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിക്കേണ്ടതുണ്ട്. ഇതിനായി വിജിലൻസ് കമ്മീഷൻ രൂപീകരിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ ബന്ധപ്പെട്ട മേഖലയിലെ വിദഗ്ധരുമായി കൂടിയാലോചിച്ച് വിശദമായ പഠനം നടത്തി ഒരു കരട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി കമ്മീഷൻ അംഗം ശ്രീ.സി.പി.നായരെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചു. കരട് റിപ്പോർട്ട് 2017 മാർച്ച് മാസം തന്നെ സമർപ്പിക്കണമെന്നും തീരുമാനിച്ചു.

V. കമ്മീഷൻ പ്രവർത്തനങ്ങൾ മുന്നോട്ടു പോകുന്ന വേളയിൽ കൺസൾട്ടൻസികളുടെ സഹായം ആവശ്യമായി വന്നേക്കാമെന്നും അത്തരം സാഹചര്യങ്ങളിൽ അതതു സമയത്തെ ആവശ്യങ്ങളെ മുൻനിർത്തിക്കൊണ്ട് ടേംസ് ഓഫ് റഫറൻസിന്റെ അടിസ്ഥാനത്തിൽ സെന്റർ ഫോർ സോഷ്യോ എക്കണോമിക് ആന്റ് എൻവയൺമെന്റൽ സ്റ്റഡീസ് (CSES), സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (CMD), ഐ.എം.ജി തുടങ്ങിയ ഏജൻസികളുടെ / സ്ഥാപനങ്ങളുടെ സേവനം ഉപയോഗിക്കാവുന്നതാണെന്ന് തീരുമാനമെടുത്തു. അതതു സമയങ്ങളിൽ ടേംസ് ഓഫ് റഫറൻസിന് രൂപകല്പന നൽകാനും തീരുമാനിച്ചു.

VI. കമ്മീഷന്റെ സമീപനരേഖയുടെ കരട് കമ്മീഷൻ തന്നെ തയ്യാറാക്കി പരസ്പരം വിനിമയം ചെയ്തുകൊണ്ട് അന്തിമമാക്കണമെന്ന് തീരുമാനിച്ചു.

VII. 28.01.2017 ൽ നിശ്ചയിക്കപ്പെട്ട പര്യാലോചനാ യോഗത്തിലെ ചർച്ചകളുടെ അടിസ്ഥാനത്തിൽ വിഷയാടിസ്ഥാനത്തിലുള്ള സെമിനാറുകൾ സംഘടിപ്പിക്കുന്നതാണ് ഉചിതം എന്ന തീരുമാനമെടുത്തു. പര്യാലോചനാ യോഗത്തിലെ ചർച്ചകളിൽ നിന്നും ഉരുത്തിരിഞ്ഞു വരുന്ന ആശയങ്ങളുടെ അടിസ്ഥാനത്തിൽ കമ്മീഷന്റെ സമീപനരേഖയും രീതിശാസ്ത്രവും അന്തിമമാക്കുന്നതിന് തീരുമാനിച്ചു. വിദഗ്ധസമിതികളുടെ രൂപീകരണം അന്തിമമാകുന്ന മുറയ്ക്ക് വിശദാംശങ്ങൾ ചർച്ച ചെയ്തതിനു ശേഷം ആശയവ്യക്തതയുള്ള സംസ്ഥാനതല സെമിനാർ സംഘടിപ്പിച്ചാൽ മതിയാകും എന്ന് തീരുമാനിച്ചു.

VIII. കമ്മീഷനിൽ തന്നെ ലഭ്യമായ വൈദഗ്ധ്യവും മനുഷ്യവിഭവ ശേഷിയും ഉപയോഗപ്പെടുത്തി കമ്മീഷന്റെ പതിമൂന്നാമത് പരിഗണനാ വിഷയത്തിലുള്ള 'കപ്പാസിറ്റി ബിൽഡിംഗ്' സംബന്ധിച്ച പഠനം നടത്താൻ തീരുമാനിച്ചു.

IX. മൂന്നാമത് ഭരണപരിഷ്കാര കമ്മിറ്റിയുടെ ശുപാർശകൾ മാത്രമല്ല മുൻ ഭരണപരിഷ്കാര കമ്മീഷനുകളുടെ ശുപാർശകൾ നടപ്പാക്കിയതിന്റെ തൽസ്ഥിതി സംബന്ധിച്ച റിപ്പോർട്ട് വകുപ്പ് തലവൻമാരിൽ നിന്നും സർക്കാരിൽ നിന്നും എത്രയും വേഗം ലഭ്യമാക്കാൻ തീരുമാനിച്ചു. റിപ്പോർട്ട് ലഭ്യമാക്കി നിർദ്ദേശങ്ങൾ നടപ്പിലാക്കപ്പെടാതെ പോയതിന്റെ കാരണങ്ങളെ സംബന്ധിച്ചുള്ള രേഖ തയ്യാറാക്കുന്നതിനും തീരുമാനിച്ചു.

X. ഔദ്യോഗിക ഭാഷ മലയാളമാക്കുന്നതിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ /തടസ്സങ്ങൾ സംബന്ധിച്ച വിശദമായ ഒരു റിപ്പോർട്ട് സർക്കാരിലെ ഔദ്യോഗിക ഭാഷാ വിദഗ്ധനിൽ നിന്നും തേടുന്നതിന് തീരുമാനിച്ചു.

XI. വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട സി.പി.നായർ കമ്മീഷൻ റിപ്പോർട്ട്, യു.ആർ. അനന്തമൂർത്തി കമ്മീഷൻ റിപ്പോർട്ട് എന്നിവയിലെ ശുപാർശകൾ നടപ്പാക്കിയത് സംബന്ധിച്ച വിശദാംശങ്ങൾ സർക്കാരിൽ നിന്നും ആരായുന്നതിന് തീരുമാനിച്ചു.

XII. കമ്മീഷന്റെ നാലാമത് യോഗം 2017 ഫെബ്രുവരി 18 ന് വൈകിട്ട് 03.30 ന് ചേരുന്നതിന് തീരുമാനിച്ചു.

യോഗം വൈകിട്ട് 5 മണിക്ക് സമാപിച്ചു.